**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - ശ്രീ സുബിൻ പി. മുതൽ പേർ ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2654/2016 ൽ 08/12/2016 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 1838/2018/തസ്വഭവ തീയതി, തിരുവനന്തപുരം 05.07.2018

---

പരാമർശം:

1. ശ്രീ സുബിൻ പി. മുതൽ പേർ സർക്കാരിൽ സമർപ്പിച്ച 02/12/2016 തീയതിയിലെ നിവേദനം (Annexure MA1).
2. ശ്രീ സുബിൻ പി. മുതൽപേർ ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2654/2016 നമ്പർ കേസിൽ 08/12/2016 തീയതിയിലുണ്ടായ വിധിന്യായം.
3. നഗരകാര്യ ഡയറക്ടറുടെ 19/01/2017 തീയതിയിലെ ഇ 4-28/2017 നമ്പർ കത്ത്.
4. കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള 18/05/2018 തീയതിയിലെ A11(2) 808/2018/GW നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ യോഗ്യതയിൽ കേരള സർക്കാർ നടത്തുന്ന ഐ.റ്റി.ഐ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് കൂടി ഉൾപ്പെടുത്തണമെന്നും അതനുസരിച്ച് പ്രസ്തുത തസ്തികയുടെ തിരഞ്ഞെടുപ്പിൽ ഈ കോഴ്സ് പാസ്സായവരെ ഉൾപ്പെടുത്തുന്നതിന് പി.എസ്.സിയ്ക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം ശ്രീ സുബിൻ പി. മുതൽ പേർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 2654/2016 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള ഇടക്കാല വിധിയിൽ രണ്ടാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി അനക്ഷർ MA1 അപേക്ഷ പരിശോധിച്ച് അപേക്ഷകരുടെ പ്രതിനിധിയെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം അപേക്ഷകരുടെ പ്രതിനിധിയെ തദ്ദേശ സ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട സമയത്തെ അപേക്ഷകരുടെ വാദപ്രകാരം, മുനിസിപ്പൽ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ യോഗ്യതകളിലൊന്നായ ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ്, മുംബൈ-നടത്തുന്ന 'സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ്'-ന്റെ യോഗ്യത എസ്.എസ്.എൽ.സി. അല്ലെങ്കിൽ പ്ലസ്ടുവും കോഴ്സിന്റെ കാലാവധി ഒരു വർഷം, ആറ് മാസം എന്നിങ്ങനെയാണ്. എന്നാൽ സർക്കാർ ഐ.ടി.ഐ. കളിൽ നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിന്റെ യോഗ്യത പ്ളസ്ടുവും കാലാവധി ഒരു വർഷവുമാണ്. കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങളിലെ കോഴ്സുകൾ പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയായിരിക്കെ കേരള സർക്കാർ നേരിട്ട് നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ തത്തുല്യയോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും, മേൽ കോഴ്സ് പാസ്സായവരെ പ്രസ്തുത തസ്തികയുടെ തെരഞ്ഞെടുപ്പിൽ ഉൾപ്പെടുത്തുന്നതിന് കേരള പി.എസ്.സിയ്ക്ക് നിർദ്ദേശം നൽകണമെന്നും അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കേരള സർക്കാർ ഐ.ടി.ഐ.കളിൽ നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് നിർത്തലാക്കുവാൻ 23.07.2014 ലെ സർക്കാർ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവിധ ഐ.ടി.ഐ.കളിൽ സർക്കാർ നേരിട്ട് നടത്തിയിരുന്ന ഈ കോഴ്സിൽ നിരവധി വിദ്യാർത്ഥികൾ ചേർന്നിരുന്നതും പല സർക്കാർ സ്ഥാപനങ്ങളിലും അപ്രന്റിഷിപ്പ് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. കേരളത്തിലെ ഐ.ടി.ഐ.കളിൽ പ്രസ്തുത കോഴ്സ് ഇപ്പോൾ നിലവിലില്ല.

4. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ് നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ്, മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിക്കണമെന്ന നിർദ്ദേശം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചു.

5. മേൽ സാഹചര്യത്തിൽ അപേക്ഷകരുടെ അനക്ഷർ MA1 അപേക്ഷയിലെ ആവശ്യം പരിഗണിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ് നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇന്സ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിച്ച് ഉത്തരവാകുന്നു.

6. ബഹു. ട്രിബ്യൂണലിന്റെ പരാമർശം 2-ലെ ഇടക്കാല ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. സുബിൻ.പി, ചിരുകണ്ടോത്ത് വീട്, പിണറായി പി.ഒ, കണ്ണൂർ-670 741
ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ്(16.11.2017 തീയതിയിലെ 203/ബി2/2017/ഉഭപവ. നമ്പർ കുറിപ്പ് പ്രകാരം)
തൊഴിലും നൈപുണ്യവും വകുപ്പ്( 03.08.2017 തീയതിയിലെ സി2/59/2017-LBRD നമ്പർ കുറിപ്പ് പ്രകാരം)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ